ചൗധരി കമ്മിറ്റി

15[1220] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുമേഖലയുടെ നവീകരണത്തിനായി നിയമിച്ച ചൗധരി കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കേന്ദ്ര ഗവൺമെന്റിലെ ഓഹരി വിറ്റഴിക്കൽ വകുപ്പ് വേണ്ടെന്നുവച്ച സാഹചര്യത്തിൽ കേരളത്തിലെ ചൗധരി കമ്മിറ്റി പിരിച്ചുവിടാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 3-2-2005-ലെ (ആർ.ടി.) 86/2005/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 31-1-2005 മുതൽ ചൗധരി കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചു കഴിഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ 2001 മുതൽ 2005 വരെയുള്ള കമ്മി/ലാഭം

16 [1221] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ മൊത്തം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ കമ്മി/ലാഭം എന്നിവ ഓരോ സ്ഥാപനവും വർഷവും തിരിച്ച് 2001 മുതൽ 2005 ജനുവരിവരെയുള്ളവ വെളിപ്പെടുത്താമോ ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടം കുറച്ചുകൊണ്ടുവരാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

(ഡി) വാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കൂടുതൽ ലാഭം ഉണ്ടാക്കുവാനും സ്ഥിരമായി നിലനിർത്തുവാനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി, സി, ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മാസംതോറും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് മന്ത്രിയും സെക്രട്ടറിമാരും നേരിട്ടും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly